(ബി) ഉണ്ട്. കഴിഞ്ഞ വർഷം ലഭിച്ച മഴയുടെ കുറവുമൂലവും ഇടവപ്പാതി വൈകിയതുമൂലവുമാണ് പ്രതിസന്ധി ഉണ്ടായത്.

(സി) വിലയിരുത്തുകയുണ്ടായി. വീഴ്ചകളൊന്നും ഉണ്ടായിട്ടില്ല.

(ഡി) പാളിച്ചകളൊന്നും ഉണ്ടായിട്ടില്ല.

(ഇ) മൂന്നു തവണ ചാർജ് വർദ്ധിപ്പിച്ചിട്ടില്ല. വൈദ്യുത ബോർഡിന്റെ താപ നിലയങ്ങളായ കോഴിക്കോട്, ബ്രഹ്മപുരം എന്നീ ഡീസൽ നിലയങ്ങളിലും ഐ. പി. പി. കളിലും പൂർണ്ണതോതിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉൽപ്പാദനം കുറഞ്ഞതുകൊണ്ടുള്ള വൈദ്യുത കമ്മി നികത്തുന്നതിനുവേണ്ടിയാണ് അധിക ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയത്.

കേരളത്തിൽ പീക്ക് സമയങ്ങളിലെ ഉപഭോഗം, മറ്റു സമയങ്ങളിൽ ഉള്ളതിനേക്കാൾ ഏതാണ്ട് ഇരട്ടിയാണ്. പീക്ക് സമയങ്ങളിൽ ജലവൈദ്യുതി മാത്രം മതിയാവുകയില്ല. എന്നാൽ താപ വൈദ്യുത നിലയങ്ങൾ പീക്ക് സമയത്ത് മാത്രമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്തതിനാൽ താപ വൈദ്യുതി ഉപയോഗിച്ച് ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയില്ല.

വൈദ്യുതി ബോർഡിന്റെ കടവും വായ്പാചെലവും

5 (1649) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1991 മാർച്ച് 31, 1996 മാർച്ച് 31, 2001 മാർച്ച് 31 എന്നീ തീയതികളിൽ വൈദ്യുതി ബോർഡിന്റെ കടവും വായ്പാചെലവും എത്ര വീതമായിരുന്നു എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

വൈദ്യുതി ബോർഡിന്റെ വാർഷിക കണക്കുപ്രകാരം സർക്കാർ വായ്പ ഉൾപ്പെടെ വിവിധ വർഷങ്ങളിലെ കടവും വായ്പാചെലവും ചുവടെ ചേർക്കുന്നു.

വർഷം	മൊത്തം കടം (രൂപ കോടിയിൽ)
31-3-1991	951.55
31-3-1996	1,839.05
31-3-2001	4,571.41

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടം	വായ്പാചെലവ് (രൂപ കോടിയിൽ)
1990-1991	90.46
1995-1996	291.80
2000-2001	762.90

വൈദ്യുതി ബോർഡ് ഗവൺമെന്റിന് നൽകേണ്ട തുക

6 (1654) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോക്താക്കളിൽ നിന്ന് എന്തെല്ലാം ഇനത്തിലുള്ള ചാർജ്ജാണ് ബോർഡ് ഈടാക്കുന്നത് ;

(ബി) ഇതിൽ ഗവൺമെന്റിന് ലഭിക്കുന്ന ഇനങ്ങൾ ഏതാണ് ;

(സി) ഈ ഇനത്തിൽ ഗവൺമെന്റിന് ഒരുമാസം എന്തു തുക കൊടുക്കുവാനുള്ള ബാദ്ധ്യത വൈദ്യുതി ബോർഡിനുണ്ട് ;

(ഡി) ഈ തുക കൃത്യമായി ഗവൺമെന്റിലടയ്ക്കുന്നുണ്ടോ ; ഇല്ലാത്തപക്ഷം ഈ ഇനത്തിൽ ബോർഡ് എന്തു തുക കുടിശ്ശിക വരുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) എനർജി ചാർജ്ജും ഇലക്ട്രിസിറ്റി ഡ്യൂട്ടിയും എല്ലാ വിഭാഗങ്ങളിൽപ്പെട്ട ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നു. സ്വന്തം ചെലവിൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള ഉപഭോക്താക്കൾ ഒഴികെയുള്ള എല്ലാ വിഭാഗം ലോടെൻഷൻ ഉപഭോക്താക്കളിൽ നിന്നും മീറ്റർ വാടക ഈടാക്കുന്നു. ഗാർഹിക ഉപഭോക്താക്കൾ, അന്ധരും ബധിരരുമായ ആളുകൾ താമസിക്കുന്നസ്ഥലം എന്നിവ ഒഴികെയുള്ള ഉപഭോക്താക്കളിൽ നിന്നും ഫിക്സഡ് ചാർജ് ഈടാക്കുന്നു. ലൈൻ റെന്റൽ, മിനിമം 35 മീറ്ററിനു മുകളിൽ 200 മീറ്ററിനകത്ത് ഓവർഹെഡ് ലൈൻ വലിച്ച് കണക്ഷൻ എടുത്തിട്ടുള്ള ലോ ടെൻഷൻ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നുണ്ട്.

(ബി) ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിൽ ലഭിക്കുന്ന തുക.

(സി) ഏകദേശം 13 കോടി രൂപ.

(ഡി) ഈ തുക സർക്കാർ ബോർഡിന് നൽകേണ്ട തുകയിൽ തട്ടിക്കിഴിക്കുകയാണ് പതിവ്. 2001-2002 വരെയുള്ള തുക തട്ടിക്കിഴിക്കുവാൻ സർക്കാർ ഉത്തരവ് നൽകി. 2002-2003-ലെ പ്രസ്തുത ബാദ്ധ്യത സർക്കാരിന്റെ ബഡ്ജറ്റിൽ ബോർഡിനു നൽകേണ്ട സബ്സിഡി ഇനത്തിൽ തട്ടിക്കിഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly